# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3674

20.06.2018 — ൽ മറുപടിക്ക്

## ഇ-പോസ് മെഷീൻ

**ചോദ്യം**

ശ്രീ. പി. കെ.ബഷീർ :

(എ) സംസ്ഥാനത്ത് റേഷൻ കടകളിൽ ഇ-പോസ് മെഷീൻ സ്ഥാപിക്കുന്ന പ്രവൃത്തികളുടെ പുരോഗതി ജില്ല തിരിച്ച് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് പരീക്ഷണാർത്ഥം ഇ-പോസ് മെഷീനുകൾ സ്ഥാപിച്ചത്; സ്ഥാപിക്കപ്പെട്ട മെഷീനുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; വിശദീകരിക്കുമോ;

**ഉത്തരം**

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)

(എ) യും (ബി) യും സംസ്ഥാനത്ത് മുഴുവൻ റേഷൻ കടകളിലും 2018 മെയ് മാസം മുതൽ ഇ-പോസ് മുഖേന റേഷൻ വിതരണം ആരംഭിച്ചിട്ടുണ്ട്. കണക്റ്റിവിറ്റി ലഭ്യമല്ലാത്ത 42 റേഷൻ കടകളിൽ ഇ-പോസ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും പഴയ പടി മാനുവൽ രീതിയിൽ റേഷൻ വിതരണം നടന്നു വരുന്നു. സംസ്ഥാനത്ത് നെറ്റ്‌വർക്ക് കണക്ഷനില്ലാത്ത 42 റേഷൻ കടകൾ ഒഴികെ മറ്റെല്ലാ കടകളിലും മെഷീനുകൾ ശരിയായി പ്രവർത്തിക്കുന്നുണ്ട്. കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി താലൂക്കിൽ 60 റേഷൻ കടകളിൽ പരീക്ഷണാർത്ഥം ഇ-പോസ് മെഷീനുകൾ സ്ഥാപിച്ചിരുന്നു. കണക്റ്റിവിറ്റി ലഭ്യമല്ലാത്ത ഇടങ്ങളിൽ ഇ-പോസ് മുഖേനയല്ലാതെ പഴയ രീതിയിൽ റേഷൻ വിതരണം നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരമുള്ള സ്ഥലങ്ങളിൽ ബ്രോഡ് ബാൻഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇ-പോസ് മെഷീനുകൾക്ക് സാങ്കേതിക തകരാറുകൾ വരികയാണെങ്കിൽ അടിയന്തിര മായി പ്രശ്നം പരിഹരിക്കുന്നതിന് താലൂക്ക് തലത്തിൽ സർവീസ് എൻജിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കേടു വന്ന മെഷീനുകൾ മാറ്റി അടിയന്തിരമായി പകരം മെഷീൻ സ്ഥാപിക്കുന്നതിനും സംവിധാനമുണ്ട്.

| | |
|---|---|
| **(സി)** ഇ-പോസ് മെഷീനുകൾ റേഷൻ വിതരണം സുതാര്യമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | **(സി)** ഇ-പോസ് മെഷീൻ വഴി ആധാർ ആതന്റിക്കേഷൻ മുഖേന അർഹരായ ഉപഭോക്താക്കൾക്ക് അർഹമായ റേഷൻ വിതരണം ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്താൻ കഴിയും. ഓരോ കാർഡിനും അർഹതപ്പെട്ട റേഷൻ വിഹിതം, കൈപ്പറ്റിയ വിഹിതം, ഓരോ കടയിലെയും സ്റ്റോക്ക് വിവരങ്ങൾ, വിതരണക്രമം മുതലായവ epos.kerala.gov.in എന്ന പോർട്ടലിലൂടെ നിരീക്ഷിക്കാൻ സാധിക്കും. സംസ്ഥാനത്തെ റേഷൻ വിതരണം പൂർണ്ണമായും ഇ-പോസ് മെഷീൻ വഴി ആക്കിയതോടെ പൊതുവിതരണ രംഗത്തുണ്ടായിരുന്നുവെന്നു പറയുന്ന ആശാസ്യകരമല്ലാത്ത ചില പ്രവണതകൾ ഒരു പരിധി വരെ നിയന്ത്രിക്കാനും ഇല്ലാതാക്കാനും കഴിഞ്ഞിട്ടുണ്ട്. ആയതിലൂടെ റേഷൻവിതരണം സുതാര്യമായി മുന്നോട്ടുപോകുന്നു എന്ന് ഉറപ്പു വരുത്തുന്നുണ്ട്. |

***സെക്ഷൻ ഓഫീസർ***